**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5234** **12-08-2021 - ൽ മറുപടിയ്ക്ക്**

**സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സബ് ട്രഷറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 201 സബ് ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പുതിയ സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | പുതിയ ട്രഷറികൾ ആരംഭിക്കുന്നതിന് മാനദണ്ഡങ്ങളൊന്നും നിലവിലില്ല. ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം പൂർണതയിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും കോർബാങ്കിങ് സൗകര്യം ഏർപ്പെടുത്തിയതിനാലും ഏത് ട്രഷറിയിൽ നിന്നും ഇടപാടുകൾ സുഗമമായി നടത്തുവാൻ ട്രഷറി വകുപ്പ് സജ്ജമാണ്. എന്നിരുന്നാലും പുതിയ ട്രഷറികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികൾ, ബഹുജന സംഘടനകൾ, പെൻഷൻകാർ എന്നിവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആയതിന്റെ ആവശ്യകത സർക്കാരിന് ബോധ്യമാകുമ്പോഴാണ് പുതിയ ട്രഷറികൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നത്. |
| (സി) | മഞ്ചേശ്വരം താലൂക്കിലെ കുമ്പളയിൽ സബ് ട്രഷറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ